പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 265

15.02.2013 ൽ മറുപടിക്ക്

**സംസ്ഥാനത്തെ എഫ്.സി.ഐ. ഗോഡൗണുകളുടെ സ്റ്റോറേജ് സൗകര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ:<br>,, റോഷി അഗസ്റ്റിൻ:<br>,, പി.സി. ജോർജ്ജ്:<br>ഡോ. എൻ. ജയരാജ്: | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എഫ്.സി.ഐ. ഗോഡൗണുകളുടെ സ്റ്റോറേജ് സൗകര്യങ്ങൾ പരിശോധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ, അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത നേരിടുന്ന ഗോഡൗണുകൾ ഏതെല്ലാമാണ്; അപര്യാപ്തത പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (ബി) | സംസ്ഥാനത്തെ എല്ലാ എഫ്.സി.ഐ. ഗോഡൗണുകളും ദേശീയ നിലവാരത്തിൽ നിർമ്മിച്ചിട്ടുള്ളവയും ഭക്ഷ്യധാന്യങ്ങൾ കേടുകൂടാതെ സംഭരിക്കാൻ ഉതകുന്നവയുമാണെന്നും എല്ലാ എഫ്.സി.ഐ. ഗോഡൗണുകളിലും പര്യാപ്തമായ സ്ഥല സൗകര്യങ്ങൾ ഉണ്ടെന്നും കൂടുതൽ ആവശ്യം വേണ്ടിവരുന്ന സന്ദർഭങ്ങളിൽ ഇതിനാവശ്യമായ സൗകര്യങ്ങൾ ചെയ്യാറുണ്ടെന്നും എഫ്.സി.ഐ. അറിയിച്ചിട്ടുണ്ട്. |
| (സി) | എഫ്.സി.ഐ. ഗോഡൗണുകളിൽ ഭക്ഷ്യധാന്യങ്ങൾ ശാസ്ത്രീയമായി സൂക്ഷിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലു ള്ളത് ; വിശദാംശങ്ങൾ നൽ കുമോ; | (സി) | ഗോഡൗണുകളുടെ സംഭരണ സൗകര്യങ്ങളും അതിനോടനുബന്ധിച്ച അടിസ്ഥാന സംവിധാനങ്ങളും കൃത്യമായ ഇടവേളകളിൽ എഫ്.സി.ഐ. ഉദ്യോഗസ്ഥർ പരിശോധിക്കാറുണ്ട്. വളരെ പരിചയസമ്പന്നരായ സാങ്കേതിക വിദഗ്ദ്ധരുടെ മേൽനോട്ടത്തിൽ ശാസ്ത്രീയമായ മാർഗ്ഗങ്ങൾ അവലംബിച്ചുകൊണ്ടാണ് ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കുന്നത് എന്ന് എഫ്.സി.ഐ. അറിയിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ഗോഡൗണുകളിൽ എന്തെങ്കിലും ബ്രേക്ക് ഡൗൺ വന്നാൽ അതിനെ അതിജീവിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് സജ്ജീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ നൽകുമോ? | (ഡി) | അടിയന്തിരസാഹചര്യങ്ങളിൽ സംസ്ഥാന സർക്കാരിന് കേന്ദ്ര സർക്കാർ മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള അൾട്ടർനേറ്റ് ഡിപ്പോകളിൽനിന്നും ഭക്ഷ്യധാന്യങ്ങൾ വിട്ടെടുക്കാനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ